# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1143

11.02.2016 ൽ മറുപടിക്ക്

## പ്രഥമാധ്യാപകരുടെ ഉച്ചഭക്ഷണ ഡ്യൂട്ടി

| ചോദ്യം<br>ശ്രീ. കെ. മുരളീധരൻ | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) പൊതു വിദ്യാഭ്യാസ മേഖലയിലെ പ്രഥമാധ്യാപകർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിൽ നിന്നും സ്കൂൾ പ്രഥമാധ്യാപകരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ പ്രഥമാധ്യാപക മേഖലയിലെ വിവിധ സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഉച്ചഭക്ഷണ ചുമതലയിൽ നിന്നും പ്രഥമാധ്യാപകരെ ഒഴിവാക്കുന്നതിനും തമിഴ്നാട്, പോണ്ടിച്ചേരി, മാഹി, മദ്ധ്യപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽ ചെയ്യുന്നതുപോലെ സർക്കാർ ഏജൻസികളെക്കൊണ്ട് കേന്ദ്രീകൃത അടുക്കള സംവിധാനമൊരുക്കി ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ? | (ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട 5, 6, 10 സ്കൂളുകൾ ഒരു ഗ്രൂപ്പായി എടുത്ത് ഒരു പൊതു അടുക്കളയിൽ ഉച്ചഭക്ഷണം പാകം ചെയ്തു വിതരണം നടത്തുന്നതിനുള്ള സാധ്യത കുടുംബശ്രീയും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റും കൂടി പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള സ്കൂളുകളെ ഉൾപ്പെടുത്തി നിലവിലുള്ള സംവിധാനം ഉപയോഗിച്ച് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുവാൻ കുടുംബശ്രീ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ